Date : 09-03-2026

Ref : സർക്കുലർ നമ്പർ: SMF CIR/GEN/02/2026

"മഹല്ലുകളുടെ മുന്നേറ്റത്തിന്.. കരുതലിന്റെ കൈത്താങ്ങ്.."

# SMF സംസ്ഥാന പ്രവർത്തന ഫണ്ട് സമാഹരണം

**2026 ഏപ്രിൽ 17-ന് ബോധവൽക്കരണം - ഏപ്രിൽ 24-ന് ഫണ്ട് ശേഖരണം**

ബഹു. മഹല്ല് കമ്മിറ്റി പ്രസിഡണ്ട്/സെക്രട്ടറി/ഖത്തീബ് അവർകൾക്ക്

**വിഷയം. എസ്.എം.എഫ് സംസ്ഥാന പ്രവർത്തന ഫണ്ട് ശേഖരണം - 2026-27**

ബഹുമാന്യരെ, السّلام عليكم, സുഖമെന്ന് കരുതുന്നു. അതിനായി റബ്ബിനോട് പ്രാർത്ഥിക്കുന്നു.,

സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റി സംസ്ഥാന തലത്തിലും, ജില്ലാ, മേഖല, പഞ്ചായത്ത് തലങ്ങളിലും നിരവധി പ്രവർത്തനങ്ങളും പദ്ധതികളും വിജയ കരമായി നടത്തിക്കൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കും മഹല്ലുകളുടെ ശാക്തീകരണത്തിനും സംസ്ഥാന ഫണ്ട് സമാഹരണം അത്യന്തം പ്രാധാന്യമുള്ളതാണ്.

സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷന്റെ ഈ പ്രവർത്തനങ്ങൾ താഴെ തട്ടിലെത്തിക്കാനും എല്ലാ തലത്തിലുള്ള കമ്മിറ്റികളെ സഹായിക്കാനും സംസ്ഥാനത്ത് 18 ഓർഗനൈസർമാരെയും ആവശ്യമായ ഓഫീസ് സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്. ഇവരുടെ ശമ്പളം, എസ്.എം.എഫിന്റെ പദ്ധതികൾ നടപ്പിലാക്കാൻ തെരെഞ്ഞെടുക്കപ്പെട്ട ആർ.പിമാർക്കുള്ള വിവിധ ട്രൈനിംങുകൾ, ജില്ല സംസ്ഥാന സംഗമങ്ങൾ, കൺവെൻഷനുകൾ മറ്റു എസ്.എം.എഫ് പരിപാടികൾ, ജില്ല, പഞ്ചായത്ത്, മേഖല/റെയ്ഞ്ച് പ്രവർത്തനങ്ങൾക്കുള്ള ഫണ്ടുകൾ എന്നിവക്ക് വർഷം തോറും ഭാരിച്ച തുകയാണ് ചെലവഴിക്കുന്നത്. അതിനായി **2026 ഏപ്രിൽ 24 (വെള്ളിയാഴ്ച)** സംസ്ഥാന പ്രവർത്തന ഫണ്ട് സമാഹരണം സംഘടിപ്പിക്കുന്നതായി അറിയിക്കുന്നു.

S.K.S.M.F P.O.THENHIPALAM 673636 SAMASTHALAYAM, CHELARI

## ഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ

**ഉദ്ബോധന പരിപാടി**

ഈ പ്രവർത്തനത്തിന് മുന്നോടിയായി **2026 ഏപ്രിൽ 17 വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിന് ശേഷം** മഹല്ലുകളിൽ SMF ന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും പരിചയ പ്പെടുത്തുന്ന ഉദ്ബോധന പരിപാടി സംഘടിപ്പിക്കുകയും മഹല്ല് നിവാസികൾക്ക് സംഘടന യുടെ പ്രവർത്തനങ്ങളെ കുറിച്ച് ബോധവൽക്കരണം നൽകുകയും ഫണ്ട് സമാഹരണത്തിന്റെ ആവശ്യകത വിശദീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

- മറുപുറം -

Samasthalayam, Chelari,
P.O. Thenhipalam, Malappuram - 673 636
+91 6235 29 29 29, 0494 2401262, 2401263
smfstate@gmail.com www.smfkerala.com

**പ്രവർത്തന ഫണ്ട് സമാഹരണം**

**ഏപ്രിൽ 24 വെള്ളിയാഴ്ച** മഹല്ലുകളിൽ SMF പ്രവർത്തന ഫണ്ട് സമാഹരണം നടത്തേണ്ടതാണ്. മഹല്ല് കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ മഹല്ലിലെ വിശ്വാസികളിൽ നിന്ന് പരമാവധി തുക ശേഖരിക്കുവാൻ ദയവായി ശ്രമിക്കണമെന്നും ശേഖരിക്കുന്ന തുക 5000/-ൽ കുറവാണെങ്കിൽ, മഹല്ലിലെ വ്യക്തികളിൽ നിന്നോ മറ്റു അനുയോജ്യമായ മാർഗ്ഗങ്ങളിലൂടെയോ കുറഞ്ഞത് 5000/ പൂർത്തിയാക്കി നൽകാൻ ദയവായി ശ്രമിക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

**തുക അടയ്ക്കുന്ന രീതി**

മഹല്ലുകളിൽ നിന്നും ശേഖരിക്കുന്ന തുക SMF സ്റ്റേറ്റ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് നേരിട്ട് ഓൺലൈനായി അടയ്ക്കാവുന്നതാണ്. ഓൺലൈനായി തുക അടയ്ക്കുമ്പോൾ ലഭിക്കുന്ന ഓൺലൈൻ രസീത് ബന്ധപ്പെട്ട SMF പഞ്ചായത്ത് കമ്മിറ്റിക്ക് കാണിച്ചുകൊടുക്കേണ്ടതാണ്. അല്ലെങ്കിൽ ശേഖരിച്ച തുക SMF പഞ്ചായത്ത് കമ്മിറ്റിക്ക് ഏൽപ്പിച്ച്, അക്കൗണ്ടിൽ അടച്ചതിന് ശേഷം ഓൺലൈൻ രസീത് തത്സമയം കൈപ്പറ്റാവുന്നതാണ്.

**സർക്കുലർ സംബന്ധിച്ച്**

ജില്ലാ/മേഖല കമ്മിറ്റികൾ വഴി മഹല്ലുകളിലേക്ക് നൽകുന്ന ഈ സർക്കുലർ മഹല്ല് കമ്മിറ്റി യോഗത്തിൽ ദയവായി ചർച്ച ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും മഹല്ല് നിവാസികളെ അറിയിക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

മഹല്ലുകളുടെ പുരോഗതിക്കും സമൂഹത്തിന്റെ ഐക്യത്തിനും സേവന പ്രവർത്തനങ്ങളുടെ വികസനത്തിനുമായി നടത്തുന്ന ഈ സംരംഭം വിജയകരമാക്കുന്നതിൽ മഹല്ല് കമ്മിറ്റിയുടെ സ്നേഹപൂർവ്വമായ സഹകരണവും നേതൃത്വവും വിനയപൂർവ്വം പ്രതീക്ഷിക്കുന്നു.

അല്ലാഹു നമ്മുടെ സേവനങ്ങൾ സ്വീകരിക്കുകയും അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ.... ആമീൻ

സഹകരണത്തിനായി നന്ദി.

ആദരപൂർവ്വം,

**പ്രൊഫ. കെ ആലിക്കുട്ടി മുസ്‌ലിയാർ (ഒപ്പ്)**
(പ്രസിഡണ്ട്, SKSMF സംസ്ഥാന കമ്മിറ്റി)

**യു. മുഹമ്മദ് ശാഫി ഹാജി (ഒപ്പ്)**
(ജന. സെക്രട്ടറി, SKSMF സംസ്ഥാന കമ്മിറ്റി)

**പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ (ഒപ്പ്)**
(ട്രഷറർ, SKSMF സംസ്ഥാന കമ്മിറ്റി)